## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3066** **07.11.2019 -ൽ മറുപടിയ്ക്ക്**

### സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) 2019-20 അധ്യയന വർഷത്തിൽ എത്ര കുട്ടികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളാണ്; കണക്കുകൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലായി 2019-20 അധ്യയനവർഷം 2627846 വിദ്യാർത്ഥികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതിൽ എൽ.പി.വിഭാഗത്തിൽ1423054 കുട്ടികളും യു.പി. വിഭാഗത്തിൽ 983942 കുട്ടികളും പ്രി പ്രൈമറി വിഭാഗത്തിൽ 2,20,850 കുട്ടികളും ഉൾപ്പെടുന്നു. |
| ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായമെന്തെന്നും ഇതിനായി സംസ്ഥാന സർക്കാർ വകയിരുത്തുന്ന തുകയെന്തെന്നും വിശദമാക്കാമോ; | ബി) | ഈ അദ്ധ്യയന വർഷം10/05/2019 തീയതിയിൽ ഡൽഹിയിൽ ചേർന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലാൻ അപ്രൂവൽ ബോർഡ് യോഗം സംസ്ഥാനത്തിലെ പദ്ധതി നടത്തിപ്പിനായി 334 കോടി രൂപ നിശ്ചയിക്കുകയും ആയതിൽ കേന്ദ്ര വിഹിതമായി 214 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള 334 കോടി രൂപ അടങ്കൽ തുകയുടെ സ്ഥാനത്ത് 531 കോടിരൂപ സംസ്ഥാനം പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. |
| സി) ഇതിന്റെ നടത്തിപ്പ് ചെലവുകൾ എങ്ങനെയാണ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് നൽകുന്നതെന്ന് വിശദമാക്കുമോ; ഈയിനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ; | സി) | ഈ അദ്ധ്യയന വർഷത്തെ പാചകചെലവിനുള്ള ആദ്യഗഡു (45 ദിവസത്തെ) സ്കൂൾ പ്രഥമാദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിലേക്കാവശ്യമായ തുക നിലവിൽ കുടിശ്ശികയായി നിലനിൽക്കുന്നു. ടി തുക അലോട്ട്മെന്റ് മുഖാന്തിരം ഉടൻതന്നെ സ്കൂളുകൾക്ക് അനുവദിക്കുന്നതാണ്. |

അലോട്ട്മെൻറ് മുഖാന്തിരം അനുവദിക്കുന്ന തുകയിൽ നിന്ന് പദ്ധതി നടത്തിപ്പിനാവശ്യമായ തുക പ്രഥമാദ്ധ്യാപകർക്ക് ഓരോ മാസവും അഡ്വാൻസായി ട്രഷറിയിൽ നിന്ന് മാറാവുന്നതാണ്. ഇങ്ങനെ അഡ്വാൻസായി എടുക്കുന്ന തുക മൂന്ന് മാസത്തിനകം ബില്ലും വൗച്ചറും ട്രഷറിയിൽ സമർപ്പിച്ച് സെറ്റിൽമെൻറ് ചെയ്യേണ്ടതാണ്.

ഡി) ഇപ്രകാരമുള്ള തുക മുൻകൂർ നൽകുന്നതിന് പകരം ഹെഡ്മാസ്റ്റർമാർ ഉച്ചഭക്ഷണ വിതരണചെലവ് സ്വയം വഹിച്ച ശേഷം പിന്നീട് ബിൽ തയ്യാറാക്കി ട്രഷറിയിലെ അലോട്ട്മെന്റ് ഫണ്ടിൽ നിന്നും മാറ്റിയെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

ഡി) നിർദ്ദേശം നല്കിയിട്ടില്ല.

ഇ) ഉച്ചഭക്ഷണപദ്ധതി നടത്തിപ്പ് മുഴുവൻ ഒരു ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്തമാക്കിത്തീർക്കുന്ന ഈ നടപടിയിൽ നിന്ന് പിൻമാറുമോ; വ്യക്തമാക്കുമോ?

ഇ) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിക്കാണ്.പദ്ധതിനടത്തിപ്പിനാവശ്യമായ ഫണ്ട് സ്ഥാപന മേധാവി എന്ന നിലയിലാണ് പ്രഥമാദ്ധ്യപകന്റെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകുന്നത്. ഉച്ചഭക്ഷണ പദ്ധതി മേൽനോട്ടം വഹിക്കുന്നതിന് പ്രഥമാദ്ധ്യപകരെ സഹായിക്കുന്നതിനായി രണ്ട് സഹ അദ്ധ്യാപകരെ കൂടി നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ